Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 13/2020** ആഗസ്റ്റ് 04, 2020

# അതിരൂപതാ ദൈവവിളിദിനം

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് നമ്മുടെ അതിരൂപതയിൽ ദൈവവിളിദിനം ആചരിക്കുന്നത്. ഒരു സാധാരണ ഇടവക വൈദികനായിരുന്ന വിശുദ്ധ വിയാനി ആർസ് എന്ന കുഗ്രാമത്തിലെ ജനങ്ങളെ ദൈവവിളിക്കനുസൃതം അർപ്പണബോധമുള്ള കുടുംബജീവിതത്തിലേക്കും വിശുദ്ധമായ സന്യാസജീവിതത്തിലേക്കും ഏകസ്ഥജീവിതിലേക്കും നയിച്ച പുണ്യപുരുഷനാണ്. വിവാഹജീവിതത്തിന്റെ സമർപ്പണത്തിലേക്കും സന്യാസത്തിന്റെ വിശുദ്ധിയിലേക്കും പൗരോഹിത്യത്തിന്റെ ശുശ്രൂഷാജീവിതത്തിലേക്കും ഏകസ്ഥജീവിതത്തിന്റെ ധന്യതയിലേക്കും ദൈവം വിളിക്കുന്നത് കൂടുതൽ ശ്രദ്ധയോടെ കേൾക്കാൻ ഈ കോവിഡ് കാലം അവസരമാകട്ടെ. ഈ ദൈവിളി ദിനത്തിൽ പൗരോഹിത്യ-സന്യസ്ത വിളികളെക്കുറിച്ചാണ് നാം പ്രത്യേകം വിചിന്തനം ചെയ്യുന്നത്.

ദൈവജനത്തിനുവേണ്ടി മരിക്കുവാൻപോലും സന്നദ്ധരായ അനേകം വൈദികരേയും സന്ന്യസ്തരേയും നമുക്ക് ആവശ്യമുണ്ട്. ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: 'കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മദ്ധ്യേ നിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കട്ടെ' (ജോയേൽ 2.17). വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായി 2020 മാർച്ച് 25-ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ *'ഉർബി എത് ഓർബി'* (*Urbi et Orbi*) ആശീർവാദം നൽകുന്നതിനായി ഫ്രാൻസിസ് പാപ്പ ഏകനായി വന്നുനിന്നപ്പോൾ ആ ചാറ്റൽമഴയിൽ ലോകത്തിന്റെ മുഴുവൻ ദുഃഖമുണ്ടായിരുന്നു. വ്യക്തിപരമായ നേട്ടങ്ങളോ കോട്ടങ്ങളോ അല്ല; ദൈവത്തിന്റെ പ്രത്യേക വിളി സ്വീകരിച്ചവരെ ഉണർത്തുന്നത്. ലോകത്തിന്റെ മുഴുവൻ വേദനകളും വിളി സ്വീകരിച്ചവന്റെ സങ്കടങ്ങളാണ്. മാതാപിതാക്കളും വീടും പരിസരങ്ങളും സൃഷ്ടിക്കുന്ന അടുപ്പങ്ങളിൽനിന്നും 'പിതാവിന്റെ ഹിതത്തിനുവേണ്ടി' മാറി നടക്കാനുള്ള ആഹ്വാനമാണ് ദൈവവിളി. കാണാതായ ഉണ്ണിയീശോയെ അന്വേഷിച്ചെത്തുന്ന അമ്മയ്ക്കുള്ള മറുപടി. 'എന്തിനാണ് എന്നെ അന്വേഷിക്കുന്നത്? ഞാനെന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടതല്ലയോ' എന്നാണ്.

വൈദിക-സന്യസ്ത വിളികൾ കൂടുതൽ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ അവയെ പ്രോത്സാഹിപ്പിക്കുവാനും തിരിച്ചറിയാനും പരിപോഷിപ്പിക്കുവാനും സഭയിലുള്ള എല്ലാവർക്കും കടമയുണ്ട്. കഠിനമായ പീഡനങ്ങളുടെ നടുവിലാണ് ആദിമസഭ ആറ്റുതീരത്തെ വൃക്ഷംപോലെ വേഗത്തിൽ വളർന്നത്. വിശുദ്ധമായ അനേകം വിളികൾ മധ്യകാലഘട്ടത്തിലും ആധുനിക നവോത്ഥാന കാലത്തും സഭയിൽ ഉണ്ടായി. ഇന്ന് ലോകത്തെ മുഴുവൻ മൂല്യബോധത്തിന്റേയും മനസ്സാക്ഷിയുടെയും സ്വരം കേൾപ്പിക്കുവാൻ ഫ്രാൻസിസ് പാപ്പയുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ അകലങ്ങൾ പാലിക്കുവാൻ എല്ലാവരും നിർബന്ധിക്കപ്പെടുന്ന അവസ്ഥയിൽ വൈദിക-സന്ന്യസ്ത വിളികൾക്കുള്ള പ്രസക്തി പലരും ചോദ്യംചെയ്യുന്നുണ്ട്. എന്നാൽ, മനുഷ്യരിലേക്കുള്ള ശാരീരിക അകലം മാത്രമേ ഇപ്പോൾ നമ്മൾ സൂക്ഷിക്കേണ്ടതുള്ളൂ. ആത്മീയ അടുപ്പം വർദ്ധിപ്പിക്കുവാനുള്ള സമയമായാണ് നാം ഈ സാഹചര്യത്തെ കാണേണ്ടത്.

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org



സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകാൻ ഒരാൾ വിളിക്കപ്പെടുമ്പോൾ വെല്ലുവിളികൾ ഏറെയാണ്. അബ്രാഹത്തിന് മറ്റൊരു ദേശത്തേക്കുപോകാനായിരുന്നു വിളി. ഓടിപ്പോന്നിടത്തേക്കു തിരികെച്ചെന്ന് രക്ഷകനാകാനുള്ള പ്രത്യേകവിളിയാണ് മോശയ്ക്ക് ലഭിച്ചത്. ദാവീദിന് വിളിയുടെ ശക്തിയിൽ ഏത് അതികായനെയും നേരിടാനുള്ള ദൈവികബലമുണ്ടായിരുന്നു. യൂദിത്ത് എന്ന വിധവയ്ക്കാകട്ടെ ശത്രുപാളയത്തിലേക്ക് ഒറ്റയ്ക്ക് നടക്കാനുള്ള വഴിയാണ് തെളിഞ്ഞത്. തള്ളിപ്പറഞ്ഞ പത്രോസിനോട് നീ പാറയാണെന്നു പറഞ്ഞാണ് ക്രിസ്തു തിരുസ്സഭ പണിതുയർത്തിയത്. യഹൂദപാരമ്പര്യത്തിന്റെ തൊങ്ങലും തൊപ്പിയും ഉപേക്ഷിച്ച് വിജാതീയ ജനതകളുടെ ശുശ്രൂഷകനാകാനാണ് പൗലോസിനെ തെരഞ്ഞെടുത്തത്. ദൈവവിചാരം അശേഷമില്ലാതിരുന്ന ഒരു സമൂഹത്തെ സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചുകൊണ്ടാണ് വിയാനി പുണ്യവാൻ പ്രകാശം പരത്തിയത്. അധികാരത്തിന്റെയും ആഡംബരത്തിന്റെയും ചമയങ്ങളെല്ലാം ഉപേക്ഷിച്ച് ദാരിദ്ര്യത്തിന്റെ ആനന്ദനൃത്തം ചവുട്ടിയാണ് ഫ്രാൻസിസ് അസീസ്സി ജനഹൃദയങ്ങളിലെത്തുന്നത്. വികസനവും വിപണനവും ലാഭവും ലാക്കാക്കിമുന്നേറിക്കൊണ്ടിരുന്ന ലോകത്തിൽ ക്രിസ്തുവിന്റെ കരുണയുടെ നറുമണം പരത്താനാണ് മദർ തെരേസ തന്റെ വിളിക്കുള്ളിലെ വിളി കണ്ടെത്തിയത്.

ലോകത്തിന്റെ വലിയ ബഹളങ്ങൾക്കിടയിൽ പക്വതയിലേക്കുള്ള യാത്രയിൽ ദൈവത്തിന്റെ സ്വരം കേൾക്കാൻ ശ്രദ്ധിക്കേണ്ടതും പരിശീലിക്കേണ്ടതുമുണ്ട്. കുടുംബങ്ങളിലുള്ള വിശ്വാസത്തിന്റെ അടിത്തറയിലും വികാരിയച്ചന്മാരുടെ സ്നേഹത്തിന്റെ കരുതലിലും വിശ്വാസപരിശീലന രംഗത്തുള്ള അദ്ധ്യാപകരുടെ പ്രത്യേകമായ ശ്രദ്ധയിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ട്. ഒരുവൻ വേർതിരിക്കപ്പെട്ടവനാണെന്ന് തിരിച്ചറിഞ്ഞ് സ്വർഗ്ഗീയ പിതാവിന്റെ ഹിതത്തിനുവേണ്ടി സ്വന്തം താത്പര്യങ്ങളെ മാറ്റിവച്ച് ജീവിതത്തെ സമർപ്പിക്കാൻ ധൈര്യം കാണിക്കണം. ദൈവം എന്നെ കാത്തിരിക്കുന്ന ആ സ്ഥലത്തേക്ക് 'വന്നു കാണുക' (യോഹ. 1.39) എന്ന ആഹ്വാനം സ്വീകരിച്ച് സധൈര്യം ഇറങ്ങിച്ചെല്ലുവാൻ യുവജനങ്ങൾ മടിക്കേണ്ടതില്ല. കാരണം, ശക്തനാക്കുന്നവൻ എല്ലാം ചെയ്യാനുള്ള കൃപ നമുക്കു നൽകും. (ഫിലിപ്പി 4.13), (1 കോറി 15.10).

മനുഷ്യന്റെ വേദനയും കണ്ണീരും നിറഞ്ഞ ജീവിതത്തിൽ കർത്താവിനെ വിളിക്കുവാനും അവിടുത്തെ ആശ്വാസവചനങ്ങൾ പകർന്ന് അവരുടെ കണ്ണീരും വേദനയും അകറ്റുവാനും ധാരാളം വേലക്കാരെ അയയ്ക്കണമെ എന്ന് ഈ ദൈവവിളി ദിനത്തിൽ വിളവിന്റെ നാഥനോട് നമുക്ക് പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

+A. Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

..............................................

N.B.: ഈ സർക്കുലർ സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

# ദൈവവിളി ദിനം

## പ്രാരംഭപ്രാർത്ഥന

കാർമ്മി : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ഏകജാതനായ ഈശോമിശിഹായിലൂടെ പൂർത്തിയായ രക്ഷാകർമ്മം തുടരുന്നതിന് ഞങ്ങളെ തിരഞ്ഞെടുത്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവവിളിദിനമാചരിക്കുന്ന ഇന്ന് ഈ പരിശുദ്ധകുർബാന യോഗ്യതയോടെ പരികർമ്മം ചെയ്യുന്നതിനും അങ്ങയെ മഹത്വപ്പെടുത്തുന്നതിനും അങ്ങേക്ക് ആരാധനയും കൃതജ്ഞതയും സമർപ്പിക്കുന്നതിനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം : ആമ്മേൻ.

## കാറോസൂസ

ശുശ്രൂ.: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂ.: കർത്താവേ, ഞങ്ങളുടെ .....

ശുശ്രൂ.: തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ട നാഥാ, പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുവാൻ ധാരാളം യുവതീയുവാക്കളെ വൈദിക, സമർപ്പിത ജീവതത്തിലേക്കു വിളിക്കണമെന്ന് അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂ.: കർത്താവേ, ഞങ്ങളുടെ .....

ശുശ്രൂ.: ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ എന്ന ആഹ്വാനം സ്വീകരിച്ച് ഭാരത്തിലെ വിവിധ മേഖലകളിൽ പ്രേഷിതശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും തീക്ഷണതകൊണ്ടു നിറയ്ക്കണമെന്നും പ്രതിബന്ധങ്ങളെ അതിജീവിക്കുവാനുള്ള ശക്തി അവർക്കു നൽകണമെന്നും അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂ.: കർത്താവേ, ഞങ്ങളുടെ .....

ശുശ്രൂ.: വൈദിക, സമർപ്പിത ജീവിതത്തിനായി പരിശീലിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ അർത്ഥികളെയും തങ്ങളുടെ വിളിയുടെ മഹത്വം മനസ്സിലാക്കുന്നതിനും ദൈവത്തിനും ദൈവജനത്തിനുംവേണ്ടി തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനും സന്നദ്ധരാക്കണമെന്ന് അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂ.: കർത്താവേ, ഞങ്ങളുടെ .....

ശുശ്രൂ.: ദൈവവിളി തിരിച്ചറിയാൻ സഹായകമായ അന്തരീക്ഷം ഞങ്ങളുടെ കുടുംബങ്ങളിലും ഇടവകകളിലും സംജാതമാകുന്നതിന് സഹായിക്കണമെന്ന് അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

സമൂ.: കർത്താവേ, ഞങ്ങളുടെ .....

ശുശ്രൂ.: ദൈവവിളി പ്രോത്സാഹനത്തിനായി പ്രയത്നിക്കുന്ന സാർവ്വത്രികസഭയുടെ തലവനായ മാർ ഫ്രാൻസീസ് പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മാർ ജോർജ് മെത്രാപ്പോലീത്തായെയും മെത്രാപ്പോലീത്തൻ വികാരി മാർ ആന്റണി മെത്രാപ്പോലീത്തായെയും മറ്റെല്ലാവരെയും അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂ.: കർത്താവേ, ഞങ്ങളുടെ .....

ശുശ്രൂ.: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ.: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി.: സുവിശേഷദൗത്യം നിർവ്വഹിക്കാൻ പ്രേഷിതരെ വിളിക്കുന്ന ഈശോയേ, ഞങ്ങളുടെ യാചനകൾ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ .വിളി ലഭിച്ചവർ തങ്ങളുടെ വിളിക്കനുസരണം ജീവിച്ച് അങ്ങയെ പിഞ്ചെല്ലുവാനും ലോകത്തിൽ അങ്ങേക്കു സാക്ഷികളാകുവാനും സഹായിക്കണമേ. അങ്ങനെ, വഴിയും സത്യവും ജീവനുമായ അങ്ങയെ രക്ഷകനും നാഥനുമായി സ്വീകരിക്കുവാൻ എല്ലാവർക്കും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ.: ആമ്മേൻ.

## സമാപനാശീർവ്വാദം

കാർമ്മി.: പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നരുൾചെയ്തുകൊണ്ടു സുവിശേഷദൗത്യം നമ്മെ ഭരമേൽപ്പിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ. വചനപ്രഘോഷകരും ദൈവരാജ്യത്തിന്റെ സാക്ഷികളുമായി ലോകമെങ്ങും ശുശ്രൂഷ ചെയ്യുന്ന എല്ലാ പ്രേഷിതരെയും ദൈവം അനുഗ്രഹിക്കട്ടെ. ദൈവവിളി തിരിച്ചറിയുന്നതിനും അതിനോടു പ്രത്യുത്തരിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഇടവരട്ടെ. നമ്മുടെ കുടുംബങ്ങളെയും ഇടവകകളെയും ഉത്തമദൈവവിളികൾ നൽകി ദൈവം സമ്പന്നമാക്കട്ടെ. ഈ വിശുദ്ധ കുർബാനയിൽ സംബന്ധിച്ച നിങ്ങളെല്ലാവരെയും സ്വർഗ്ഗത്തിൽ സജ്ജമാക്കിയിരിക്കുന്ന നിത്യവിരുന്നിലും പങ്കുകാരാകാൻ ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും † എപ്പോഴും † എന്നേക്കും.

സമൂ.: ആമ്മേൻ.

* * * * *

# Vocation Promotion

ARCHEPARCHY OF ERNAKULAM- ANGAMALY

Sacred Heart Minor Seminary, Thrikkakkara

Kochi - 682 020.


06/08/2020

പ്രിയപ്പെട്ട അച്ചന്മാരേ, സിസ്റ്റേഴ്സ്, സഹോദരങ്ങളേ,

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ഞായർ (2020 ആഗസ്റ്റ് 9) നാം അതിരൂപത ദൈവവിളി ദിനമായി ആചരിക്കുകയാണല്ലോ. കോവിഡ് മഹാവ്യാധിയുടെ പശ്ചാത്തലത്തിലൂടെ കടന്നുപോകുന്ന നാം വളരെയധികം പരിമിതികളുടെ നടുവിലാണ് ജീവിക്കുന്നത്. ദേവാലയത്തിൽ വന്ന് സമൂഹമായി പ്രാർത്ഥിക്കുവാൻ നമുക്കു സാധിക്കുന്നില്ലെങ്കിലും വ്യക്തിപരമായി ദൈവവുമായി അടുക്കുവാൻ കഴിയുന്ന കാലഘട്ടമാണിത്. നമ്മെ സംബന്ധിച്ച ദൈവനിയോഗം നമ്മൾ വ്യക്തമായി മനസ്സിലാക്കുന്നത് വ്യക്തിപരമായ പ്രാർത്ഥനയിലൂടെയാണല്ലോ. സമ്പൂർണ്ണ ലോക്ഡൗൺമൂലം ദൈവവിളി ക്യാമ്പുകൾ നടത്താൻ കഴിയാതിരുന്നിട്ടും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും സമർപ്പിതരുടെയും അല്മായ ശുശ്രൂഷകരുടെയും പരിശ്രമഫലമായി 28 കുട്ടികൾ മൈനർ സെമിനാരിയിൽ ചേരുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിലും ദൈവം പ്രചോദിപ്പിക്കുന്നവരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള ഓർമ്മപ്പെടുത്തലാണ് ഈ ദൈവവിളി ദിനം. ഈ ദിനത്തിൽ വി. കുർബാനയിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകളും അഭിവന്ദ്യ പിതാവിന്റെ സർക്കുലറും ഡിജിറ്റൽ പോസ്റ്ററും അയയ്ക്കുന്നു. ഇവയെല്ലാം ഡിജിറ്റൽ മാധ്യമങ്ങളുടെ സഹായത്തോടെ ഭവനങ്ങളിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇതുവരെ നൽകിയ എല്ലാ സഹകരണങ്ങൾക്കും പ്രത്യേകം നന്ദി. തുടർന്നും, ദൈവവിളി പ്രോത്സാഹനത്തിനായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹാദരങ്ങളോടെ,

ഫാ. ആന്റണി നരികുളം
റെക്ടർ

ഫാ. അനൂപ് കടപ്പള്ളിൽ
വൊക്കേഷൻ പ്രമോട്ടർ